**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3968** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഒപ്റ്റോമെട്രിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്ക് ആശുപത്രികളിലും ജില്ല ജനറൽ ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തികയില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് മതിയായ നേത്രചികിത്സ ലഭ്യമാകുന്നതിൽ തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്ക് ആശുപത്രികളിലും ജില്ലാ ജനറൽ ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തികയില്ലെങ്കിൽ NPCB പ്രോഗ്രാമിന്റെ ഭാഗമായി NHM-ROP വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം നൽകിവരുന്നു. |
| (ബി) | ജനറൽ ആശുപത്രി തിരുവനന്തപുരം, താലൂക്ക് ആശുപത്രി ഫറോഖ് കോഴിക്കോട്, താലൂക്ക് ആശുപത്രി കായംകുളം, താലൂക്ക് ആശുപത്രി ഫോർട്ട് കൊച്ചി, താലൂക്ക് ആശുപത്രി കുന്നംകുളം, ട്രൈബൽ ഹോസ്പിറ്റൽ കോട്ടത്തറ, പാലക്കാട് എന്നിവിടങ്ങളിൽ ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുണ്ടെങ്കിലും ഒപ്റ്റോമെട്രിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ നേത്ര ചികിത്സ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്ക് ആശുപത്രികളിലും ജില്ലാ ജനറൽ ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തികയില്ലെങ്കിൽ NPCB പ്രോഗ്രാമിന്റെ ഭാഗമായി NHM-ROP വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം നൽകിവരുന്നു. |
| (സി) | ദിനംപ്രതി 200-ലധികം രോഗികൾ നേത്രചികിത്സയ്ക്ക് എത്തുന്ന താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്ക് ആശുപത്രികളിലും ജില്ലാ ജനറൽ ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തികയില്ലെങ്കിൽ NPCB പ്രോഗ്രാമിന്റെ ഭാഗമായി NHM-ROP വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം നൽകിവരുന്നു. |
| (ഡി) | താലൂക്കാശുപത്രികളായും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായും ഉയർത്തപ്പെട്ട ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ 1961ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളാണ് ഒപ്റ്റോമെടിസ്റ്റ് തസ്തികയുടെ കാര്യത്തിൽ നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒരു റിഫ്രാക്ഷനിസ്റ്റ് (ഒപ്റ്റോമെടിസ്റ്റ്) തസ്തികയാണ് ആവശ്യമായുള്ളത്. ഇതിനുപുറമേ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലെ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ 41 ഒപ്റ്റോമെടിസ്റ്റ് തസ്തിക ഉണ്ട്. ടി തസ്തികകളിൽ 40 ജീവനക്കാർ ജോലി ചെയ്യുന്നു. നിലവിൽ റാങ്ക് പട്ടികയുണ്ട്. |
| (എഫ്) | രോഗികളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുകയും ആധുനികമായ നിരവധി ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിലെ ഒപ്റ്റോമെടിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കാൻ പുതിയ തസ്തിക സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എഫ്) | നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. ഇതിനു പുറമേ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും ആധുനികമായി നിരവധി ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിലും പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെടിസ്റ്റുകളുടെ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ജി) | പുതിയതായി രൂപീകരിച്ച മഞ്ചേരി, വയനാട്, കണ്ണൂർ, ഇടുക്കി, പാലക്കാട് മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെടിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ജി) | പുതിയതായി രൂപീകരിച്ച മഞ്ചേരി, വയനാട്, ഇടുക്കി, മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെടിസ്റ്റുകളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ തലത്തിൽ പരിശോധിച്ചു വരുന്നു.<br><br>പാലക്കാട് മെഡിക്കൽ കോളേജ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമല്ല. |

സെക്ഷൻ ഓഫീസർ